**കണ്ണൂർ സർവ്വകലാശാല**

നം.അക്കാദ് SWS/532/2018 തീയ്യതി : 16/04/2018

**പ്രസിദ്ധീകരണത്തിന്**

**ഏകജാലക സംവിധാനം വഴിയുള്ള പി.ജി.ഡിപ്പാർട്ട്മെന്റ് പ്രവേശനം**

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളിലും സെന്ററുകളിലും 2018-19 അധ്യയന വർഷത്തെ പി.ജി.കോഴ്സുകളിലേക്കുള്ള(എം.എഡ്, എം.എ മ്യൂസിക്, എം.പി.എഡ് എന്നിവ ഒഴികെ) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.ഓൺലൈൻ രജിസ്ട്രേഷൻ **2018 ഏപ്രിൽ 17ാം തീയ്യതി വൈകുന്നേരം 5മണിക്ക് ആരംഭിക്കുന്നതാണ്. മെയ് 5ന് രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്.**

അവസാന സെമസ്റ്റർ പരീക്ഷ എഴുതി റിസൾട്ട് കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്

പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ www.cap.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.വിവിധ പഠന വകുപ്പുകളെ ക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അതാത് പ്രോസ്പെക്ടസിൽ ലഭ്യമാണ്.

മാങ്ങാട്ട്പറമ്പ്, നീലേശ്വരം സെന്ററുകളിലെ, എം.ബി.എ കോഴ്സുകളും നീലേശ്വരം, പാലയാട് സെന്ററുകളിലെ എം.സി.എ കോഴ്സുകളും കോസ്റ്റ് ഷെയറിംഗ് വിഭാഗത്തിൽപ്പെട്ടതാണ്. ICM പറശ്ശിനിക്കടവിലെ എം.ബി.എ കോഴ്സ് ധാരണാപത്ര ത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതാണ് ഇത്തരം കോഴ്സുകളുടെ ഫീസ് താരതമ്യേന കൂടുതലാണ്. കൂടാതെ SC/ST/OEC വിദ്യാർത്ഥികൾക്കു മാത്രമെ ഫീസ് ആനുകൂല്യം ലഭിക്കുകയുള്ളൂ.

ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് **400/-** രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് **100/-**രൂപയുമാണ്.

**SBI Collect** മുഖാന്തിരം ഓൺലൈനായാണ് രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടത്. ഡിഡി, ചെക്ക്, ചലാൻ തുടങ്ങിയവ സ്വീകരിക്കുന്നതല്ല.

ഓൺലൈനായി രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ അപേക്ഷയുടെ പ്രിന്റ് ഔട്ടും ഓൺലൈൻ പേയ്മെന്റിന്റെ പ്രിന്റൗട്ടും എടുത്ത് സൂക്ഷ്മമായി പരിശോധിച്ച് പിഴവുകൾ ഒന്നും തന്നെ ഇല്ല എന്ന് ഉറപ്പു വരുത്തുകയും ഈ പ്രിന്റൗട്ടുകൾ അതാത് പഠന വകുപ്പുകളിലേക്ക് 2018 മെയ് 5 നകം സമർപ്പിക്കേണ്ടതുമാണ്. സർവ്വകലാശാലയി ലേക്ക് ഈ പ്രിന്റൗട്ടുകൾ അയക്കേണ്ടതില്ല.

Scanned by CamScanner